നം. CEE/4600/2019/KEAM_2020/TA4

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

# കീം 2020

# പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം അപേക്ഷയിൽ പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും അപേക്ഷാ ഫീസ് അടച്ച് അപേക്ഷ പൂർത്തീകരിക്കുന്നതിനും അവസരം

2020-21 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് വിട്ടുപോയ കോഴ്സുകൾ നിലവിലെ അപേക്ഷയിൽ കൂട്ടി ച്ചേർക്കുവാൻ താത്പര്യമുള്ള പക്ഷം അതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **2020 മാർച്ച് 1 മുതൽ മാർച്ച് 4, വൈകുന്നേരം 7 മണി** വരെ ലഭ്യമാക്കുന്നതാണ്. ഇതിനോടകം ഓൺലൈൻ അപേക്ഷയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി ഫൈനൽ സബ്മിഷൻ നടത്തിയ (step2-fill application)അപേക്ഷാർത്ഥികൾക്ക് അപേക്ഷാ സമർപ്പണത്തിന്റെ ബാക്കി വരുന്ന ഘട്ടങ്ങൾ കൂടി പൂർത്തിയാക്കുന്നതിനും ഈ അവസരത്തിൽ കഴിയുന്നതാണ്. എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ്, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ ഏതെങ്കിലും ആവശ്യമുള്ള അപേക്ഷകർ ' Medical and Allied' ഉം എഞ്ചിനീയറിംഗ് കോഴ്സുകൾ ആവശ്യമുള്ളവർ എഞ്ചിനീയറിംഗും ബി.ഫാം കോഴ്സ് ആഗ്ര ഹിക്കുന്നവർ 'ഫാർമസിയും' ആർക്കിടെക്ചർ കോഴ്സിന് 'ആർക്കിടെക്ചർ' എന്നുംതെരഞ്ഞെടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം ഒറ്റത്തവണ മാത്രമായിരിക്കും ലഭ്യമാകുക. പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുമ്പോൾ അധികമായി തുക അപേക്ഷാ ഫീസിനത്തിൽ അടയ്ക്കേണ്ടി വന്നാൽ ഓൺലൈനായി മാത്രമേ അടയ്ക്കാൻ അനുവദിക്കുകയുള്ളൂ. മേൽ വൈബ്സൈറ്റിലെ **'Candidate Login'** എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും നൽകി ഹോംപേജിൽ പ്രവേശിച്ചശേഷം മുകളിൽ പറഞ്ഞ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29.02.2020